FRIDAY 17.11.2023 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)17/11/2023

1. മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ ഇന്ന് (നവംബർ 17) രാവിലെ 10-മണിക്ക് സംഘടിപ്പിക്കുന്ന ഡോ എം എസ് സ്വാമിനാഥൻ അനുസ്മരണസമ്മേളനത്തിൽ മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തെ എം എസ് സ്വാമിനാഥൻ നെല്ല് ഗവേഷണ കേന്ദ്രം എന്ന് കൃഷിവകുപ്പുമന്ത്രി പി പ്രസാദ് പ്രഖ്യാപിക്കുന്നതാണ്. തദവസരത്തിൽ ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ, കാർഷികോത്പാദന കമ്മീഷണർ ഡോ. ബി അശോക് തുടങ്ങിയ പ്രമുഖർ അനുസ്മരണ പ്രഭാഷണം നടത്തുന്നതാണ്.

2. തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പൈപ്പ്ലൈൻ റോഡിൽ രണ്ടര ഏക്കർ സ്ഥലത്ത് പൂക്കളും പച്ചക്കറിയും കൃഷി ചെയ്യുന്നതിന്റെ ഭാഗമായുള്ള നടീൽ ഉത്സവത്തിന്റെ ഉദ്ഘാടനം ഇന്ന് (നവംബർ 17) രാവിലെ 08- മണിക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി അഡ്വ. ജി. ആർ. അനിൽ നിർവഹിക്കും.

3. വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 2020 ഓഗസ്റ്റ് 31 വരെയും മറ്റു 12 ജില്ലകളിലെ കർഷകർ 2016 മാർച്ച് 31 വരെയും എടുത്ത കാർഷിക വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുന്നതിന് സർക്കാർ ഉത്തരവായി. വ്യക്തിഗത അപേക്ഷകൾ സം സ്ഥാന കർഷക കടാശ്വാസ കമ്മിഷനിൽ ഡിസംബർ 31 വരെ സ്വീകരിക്കും. നേരിട്ടോ തപാൽ മുഖേനയോ അപേക്ഷിക്കാം. കമ്മീഷനിലൂടെ കാർഷിക കടാശ്വാസം മുൻപു ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ പാടില്ല. നിലവിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മാത്രമാണ് സർക്കാരിന്റെ കടാശ്വാസ പദ്ധതിയുമായി സഹകരിക്കുന്നത്. അതിനാൽ മറ്റു ബാങ്കുകളിലെ വായ്പാ കുടിശികയിൽ അപേക്ഷ സ്വീകരിക്കില്ല. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ **0471 2743782, 2743783.** റേഷൻ കാർഡിന്റെ പകർപ്പ്, വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫിസറുടെ സാക്ഷ്യ പത്രത്തിന്റെ അസ്സൽ, കർഷകനാണെന്ന് തെളിയിക്കുന്നതിന് കൃഷി ഓഫീസറുടെ സാക്ഷ്യപത്രം (അസ്സൽ) വായ്പ നിലനിർത്തുന്ന പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ അപേക്ഷക്കൊപ്പം നൽകേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കാർഷിക സർവ്വകലാശാല ഫോറസ്ട്രി കോളേജ്, വെള്ളാനിക്കരയിൽ ഒഴിവുള്ള 'തിരഞ്ഞെടുത്ത അതിവേഗം വളരുന്ന വൃക്ഷ ഇനങ്ങളുടെ വളർച്ചയുടെയും ഉൽപാദനക്ഷമതയുടെയും വിലയിരുത്തൽ' സംബന്ധിച്ചുള്ള പ്രൊജക്ടിൽ ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിലേക്ക് ഇന്ന് (നവംബർ 17 ന് ) രാവിലെ 9:30- ന് വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു .കൂടുതൽ വിവരങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

5. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് നാളെ (നവംബർ 18 ന്)'**ഇറച്ചിക്കോഴിവളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പ്പര്യമുള്ളവർ **0494 2962296** എന്ന നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാട കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭ്യമാണ്. ആവശ്യമുള്ള കർഷകർ **0479 2452277, 9544239461** എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

പരിശീലന പരിപാടി

7. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കോഴിക്കോട് വേങ്ങേരി മാർക്കറ്റിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ വെച്ച് നവംബർ 23 ന്, **"ഹൈഡ്രോപോണിക് കൃഷിരീതികൾ"** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി **0495 2935850, 9188223584** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് അവസരമുണ്ടയിരിക്കുന്നതാണ്.

8. ICAR കൃഷി വിഗ്യാൻ കേന്ദ്രത്തിന്റെയും വെള്ളനാട് മിത്രാനികേതന്റെയും ആഭിമുഖ്യത്തിൽ **മൈക്രോഇറിഗേഷൻ** എന്ന വിഷയത്തിൽ ഒരു ഏകദിനപരിശീലനം ഡിസംബർ 11- ന് ( 11.12.23) രാവിലെ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

10 മണിക്ക് സംഘടിപ്പിക്കുന്നു. രെജിസ്ട്രേഷൻ നിർബന്ധം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ **9400288040.**

9. ക്ഷീരവികസന വകുപ്പിന്റെ തിരുവനന്തപുരം പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നവംബർ മാസം 22 മുതൽ 27 വരെയുള്ള 5 പ്രവർത്തി ദിവസങ്ങളിൽ **ശാസ്ത്രീയമായ പശു പരിപാലനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ നവംബർ 21-ാം തീയതിക്ക് മുൻപായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150 രൂപ ദിനബത്തയും ആകെ 100 രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനാർഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ ഒറിജിനലും ആയതിന്റെ ഓരോ പകർപ്പും കൊണ്ടുവരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2440911 എന്ന ഫോൺ നമ്പറിലോ, ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ, തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

10. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ നാളെ (നവംബർ 18-ന്) രാവിലെ 10 മുതൽ 5 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ് പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491 2815454, 9188522713 എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

11. റബ്ബർബോർഡിന്റെ പരിശീലനവിഭാഗമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറുത്പാദനം സുസ്ഥിരമാക്കുന്നതിന് സഹായകമായ നൂതനകൃഷിരീതികളിൽ നവംബർ 21, 22 തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **9447710405** എന്ന ഫോൺ നമ്പരിലോ training@rubberboard.org.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.